## അന്തരിച്ചു

### കുഞ്ഞാത



ഉദുമ: ഉദുമ, പടിഞ്ഞാറിലെ കുഞ്ഞാത (88) അന്തരിച്ചു.സഹോദരങ്ങൾ: പരേതരായ കണ്ണൻ, കോരൻ, രാമൻ, മുള്ളൻ കുഞ്ഞികാരണവർ (പാലക്കുന്ന് കഴകം സ്ഥാനികൻ), പക്കീരൻ, കുഞ്ഞമ്മ, കൃഷ്ണൻ.

### അമ്മിണി

വിദ്യാനഗർ: ഉദയഗിരിയിലെ പരേതനായ സുബ്രഹ്മണ്യന്റെ



ഭാര്യ അമ്മിണി (84) അന്തരിച്ചു. മക്കൾ: പ്രേമ രവീന്ദ്രൻ, വിജയൻ മംഗലാംകുന്ന്, രാഘവൻ ഉദയഗിരി. മരുമക്കൾ: രവീന്ദ്രൻ, ശാരദ, സുനിത.

### പി.അഹമ്മദ്

പെർള: പെർള ചെക്ക്പോസ്റ്റിനടുത്തെ



പി.അഹമ്മദ് (69)അന്തരിച്ചു. ഭാര്യ:ആയിശ. മക്കൾ: അൻവർ, അൻസാർ, അസീസ് നെല്ലിക്കട്ട. സഹോദരങ്ങൾ: മൊയ്തീൻ. പരേതനായ അബ്ദുല്ല, ഷേക്കാലി. ബദിയടുക്കയിലെ ന്യൂസ് പേപ്പർ ഏജന്റ് മുഹമ്മദിന്റെ ബന്ധുവാണ്.

### മജീദ്

ബദിയഡുക്ക: ബാപ്പാലിപ്പൊനം



കാരമൂലയിലെ മജീദ് (41) അന്തരിച്ചു.മസ്തിഷ്കസംബന്ധമായ അസുഖത്തെ തുടർന്നു ചികിത്സയിലായിരുന്നു. ഇന്നലെ രോഗം മൂർഛിച്ചതിനെത്തുടർന്നു കുമ്പള ആശുപത്രിയിൽ എത്തിച്ചിരുന്നു. സീതാംഗോളിയിൽ ഹോട്ടൽ വ്യാപാരിയായിരുന്നു. സീതിക്കുഞ്ഞി-ആയിഷ ദമ്പതികളുടെ മകനാണ്. ഭാര്യ: നജ്മുന്നിസ. മക്കൾ: ഉനൈസ്, സമാസ്, സർഫാസ്, രയാസ്. സഹോദരങ്ങൾ: മുഹമ്മദ്, ഖാലിദ്, അബൂബക്കർ സിദ്ദീഖ്, റസാഖ്, റംസീന.

### കുഞ്ഞിരാമൻ നായർ

നീലേശ്വരം: നാന്തിയടുക്കം



ഓലാക്കിൽ വീട്ടിൽ കുഞ്ഞിരാമൻ നായർ (65) അന്തരിച്ചു. ഭാര്യ: എം പി പുഷ്പവല്ലി. മക്കൾ: എം പി അനീഷ് (എഞ്ചിനീയർ പൂനെ), എം പി വിനീഷ് (എഞ്ചിനിയർ ബംഗളൂരു). മരുമക്കൾ : ശ്രുതി (തൃക്കരിപ്പൂർ) ആതിര (പയ്യന്നൂർ).സഹോദരങ്ങൾ: കുഞ്ഞമ്പു, കാർത്യായനി (മലപ്പച്ചേരി) കുഞ്ഞിക്കേളു (വാളൂർ), ഗോവിന്ദൻ.

### നാരായണൻ നമ്പി

പിലിക്കോട്: എരവിലെ ക



രിമ്പിൽ നാരായണൻ നമ്പി (കുഞ്ഞപ്പൻ നമ്പി -72) അന്തരിച്ചു. അസുഖത്തെ തുടർന്ന് കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലായിരുന്നു. ഭാര്യ: എൻ.പി. ഗൗരി. മക്കൾ: എൻ.പി.നിക്ഷ, എൻ.പി.ഗീത, എൻ.പി. കൃഷ്ണപ്രസാദ്. മരുമക്കൾ: പ്രകാശൻ (തൃക്കരിപ്പൂർ), മനോജ് (കോഴിക്കോട്).സഹോദരങ്ങൾ:കെ.ശേഖരൻ നമ്പി, കെ. സുന്ദരൻ നമ്പി, കെ.ലക്ഷ്മിക്കുട്ടി, കെ.ഗോവിന്ദൻ നമ്പി.

# ഉദാരമതികളുടെ കനിവു തേടി 14 കാരനും കുടുംബവും



ശ്രീജിത്ത് ആശുപത്രിയിൽ

കൂട്ലു: മാങ്ങ പറിക്കുന്നതിനിടയിൽ വൈദ്യുതാഘാതമേറ്റ് ഗുരുതരമായി പരിക്കേറ്റ ബാലൻ തുടർ ചികിത്സയ്ക്ക് ഉദാരമതികളുടെ കനിവു തേടുന്നു.

കൂട്ലു പെർണടുക്കയിലെ സഞ്ജീവ-സുജാത ദമ്പതികളുടെ മകൻ ശ്രീജിത്താ(14)ണ് അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് കോഴിക്കോടു സ്വകാര്യാശുപത്രിയിൽ ചികിത്സയിൽ കഴിയുന്നത്. കഴിഞ്ഞ മാസം ആറിനായിരുന്നു അപകടം. വീട്ടുപറമ്പിലെ മാവിൽ മാങ്ങ പറിക്കാൻ ശ്രമിക്കുന്നതിനിടയിലാണ് വൈദ്യുതി ലൈനിൽ തട്ടി അപകടമുണ്ടായത്.

ജനറൽ ആശുപത്രിയിലും പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലും ചികിത്സിച്ചെങ്കിലും ഗുരുതരമായതിനാൽ കോഴിക്കോട്ടേക്കുമാറ്റുകയായിരുന്നു.

ശ്രീജിത്തിന് അടിയന്തിരമായി പ്ലാസ്റ്റിക് സർജറി നടത്തണമെന്ന് ആശുപത്രി അധികൃതർ നിർദ്ദേശിച്ചിരിക്കുകയാണെന്നു ബന്ധുക്കൾ അറിയിച്ചു. ഇതിനു ഭാരിച്ച സാമ്പത്തിക ചെലവു വേണ്ടിവരുമെന്ന് ആശുപത്രി അധികൃതർ അറിയിച്ചിട്ടുണ്ടെന്നു പറയുന്നു. നിർധന കുടുംബത്തിന് ഇതുവരെ താങ്ങാവുന്നതിലധികം പണം ചെലവഴിക്കേണ്ടി വന്നു. നാട്ടുകാരും ഉദാരമതികളും സഹായിക്കുകയും ചെയ്തു. സഞ്ജീവ കൂലിപ്പണിയെടുത്താണ് നാലുമക്കളും ഭാര്യയുമടങ്ങുന്ന കുടുംബം പുലർത്തിയിരുന്നത്. അടുത്ത കാലത്തു ഹൃദ്രോഗബാധിതനായ സഞ്ജീവയും ചികിത്സയിലാണ്.

ഉദാരമതികളുടെ സഹായം കുടുംബം തേടുന്നു. സഹായങ്ങൾ സുജാതയുടെ കാനറാബാങ്കിന്റെ നമ്പർ:0726101021529, ഐ.എഫ്.എസ്.സി:സി.എൻ.ആർ.ബി 0000726 എന്ന അക്കൗണ്ടിൽ നൽകണമെന്നു കുടുംബം അപേക്ഷിക്കുന്നു.

#### എട്ടുപഞ്ചായത്തുകളിൽ ഓരോ രോഗികൾ; മൂന്നിടത്ത് രണ്ടുപേർ വീതം

# കോവിഡ്: ജില്ലയിൽ 128; കാസർകോട്ട് 53

കാസർകോട്: ജില്ലയിൽ കോവിഡ് രോഗബാധ ഇന്നലെ കൂടുതൽ പ്രകടമായതു കാസർകോടു മുനിസിപ്പാലിറ്റിയിൽ.

ഇന്നലെ ജില്ലയിൽ ആകെ സ്ഥിരീകരിച്ച 128 രോഗബാധിതരിൽ 53പേരും കാസർകോട് മുനിസിപ്പൽ പ്രദേശങ്ങളിൽ നിന്നുള്ളവരാണ്. ഇതിൽ 49 പേർ 36-ാം വാർഡിലുള്ളവരാണ്.

കാസർകോട് കഴിഞ്ഞാൽ തൊട്ടു പിന്നിൽ പള്ളിക്കര പഞ്ചായത്തായിരുന്നു-22 രോഗബാധിതർ.കുമ്പളയിൽ 15 പേർക്കും മീഞ്ചയിൽ എട്ടു പേർക്കും രോഗം സ്ഥിരീകരിച്ചു. ചെങ്കളയിൽ ഇന്നലെ ഒരാൾക്കേ രോഗം സ്ഥിരീകരിച്ചിട്ടുള്ളൂ എന്നത് ആരോഗ്യ പ്രവർത്തകർക്ക് ആശ്വാസം പകർന്നു. ജില്ലയിൽ രോഗബാധ നിയന്ത്രണ വിധേയമായിക്കൊണ്ടിരിക്കുകയാണ്. ജില്ലയിലെ 30 വോളം തദ്ദേശ സ്ഥാപനങ്ങളിൽ പ്രകടമായിരുന്ന കോവിഡ് ഇന്നലെ 18 സ്ഥാപനങ്ങളിലായി കുറഞ്ഞു. ഇതിൽ എട്ടു പഞ്ചായത്തുകളിൽ ഓരോരുത്തർക്കാണ് രോഗബാധ കണ്ടെത്തിയിട്ടുള്ളത്. മൂന്നു പഞ്ചായത്തുകളിൽ രണ്ടുപേർക്കു വീതമേ കോവിഡ് ബാധിച്ചിട്ടുള്ളൂ.

**ജില്ലയിൽ ഇന്നലെ രോഗബാധ പ്രകടമായ തദ്ദേശസ്ഥാപനങ്ങളും രോഗികളുടെ എണ്ണവും**

കാസർകോട് മുനിസിപ്പാലിറ്റി-53

| | |
|---|---|
| പള്ളിക്കര-22 | തൃക്കരിപ്പൂർ-01 |
| കുമ്പള-15 | ബേഡഡുക്ക-01 |
| മീഞ്ച-08 | മൊഗ്രാൽപുത്തൂർ-01 |
| നീലേശ്വരം-07 | കുംബഡാജെ-01 |
| മധൂർ-05 | ഉദുമ-01 |
| മംഗൽപ്പാടി-04 | കിനാനൂർ കരിന്തളം-01 |
| ബദിയഡുക്ക-02 | വെസ്റ്റ് എളേരി-01 |
| മടിക്കൈ-02 | ചെങ്കള-01 |
| അജാനൂർ-02 | ആകെ-128 |

ഇന്നത്തെ സ്വർണ്ണവില
ഗ്രാമിന് :5165
പവന് :41320
CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
www.citygoldindia.com

### കാസർകോട് ടൗണിൽ നിന്നു 480 കുപ്പി മദ്യം പിടിച്ചു



*കാസർകോട് എസ്.വി.ടി റോഡിലെ ആൾ താമസമില്ലാത്ത വീടിനോടു ചേർന്ന തൊഴുത്തിൽ നിന്ന് എക്സൈസ് സംഘം പിടികൂടിയ കർണ്ണാടക-ഗോവ മദ്യം*

കാസർകോട്: കാസർകോട് ടൗണിലെ ആൾ താമസമില്ലാത്ത ഒരു വീടിനോടു ചേർന്ന തൊഴുത്തിൽ നിന്നു 86.4 ലിറ്റർ കർണ്ണാടക-ഗോവ മദ്യം എക്സൈസ് സംഘം പിടിച്ചു. 18 പെട്ടികളിൽ സൂക്ഷിച്ചിരുന്ന 480 കുപ്പി മദ്യമാണ് പിടികൂടിയത്. ഇതിനടുത്തു താമസിക്കുന്ന എസ്.വി.ടി റോഡിലെ പ്രണവ് കുമാറിനെതിരെ കേസെടുത്തതായി എക്സൈസ് അധികൃതർ അറിയിച്ചു. അന്വേഷണം തുടരുന്നു.

### ധനസഹായം നൽകി

കാസർകോട്: ജോലിക്കിടെ വീണു ഗുരുതര പരിക്കുപറ്റി കാസർകോട്ടെ സ്വകാര്യാശുപത്രിയിൽ ചികിത്സ തുടരുന്ന യുവാവിന് കാസർകോട് ഗ്രീൻ സൈബർടീം ധനസഹായം നൽകി. ചടങ്ങിൽ അഷ്റഫ് എടനീർ, ഷെരീഫ്, കുഞ്ഞി, അജ്മൽ, ആസിഫ്, ജീലാനി, പൈച്ചു, ഖലീൽ, ഫിറോസ് സംബന്ധിച്ചു.

# ഫോട്ടോഗ്രാഫറുടെ അപകട മരണം നാടിനെ കണ്ണീരിലാഴ്ത്തി



എ.വരദരാജൻ



അപകടത്തിൽ തകർന്ന സ്കൂട്ടർ

പൊയ്നാച്ചി: പ്രമുഖ ഫോട്ടോഗ്രാഫറായിരുന്ന കൊളത്തൂർ ശങ്കരംകോട്ടെ എ.വരദരാജി(31)ന്റെ അപകട മരണം നാടിനെ കണ്ണീരിലാഴ്ത്തി. ജില്ലാ ആശുപത്രിയിൽ നടക്കുന്ന പോസ്റ്റുമോർട്ടത്തിനു ശേഷം മൃതദേഹം കൊളത്തൂരിലെത്തിച്ച് വീട്ടുവളപ്പിൽ സംസ്കരിക്കും.ഇന്നലെ വൈകുന്നേരം അമ്പലത്തറ, ഗുരുപുരത്തുണ്ടായ അപകടത്തിലാണ് വരദരാജിന്റെ ജീവൻ നഷ്ടമായത്. ഇയാൾ സഞ്ചരിച്ചിരുന്ന സ്കൂട്ടറിൽ എതിർ ദിശയിൽ നിന്നും ആംബുലൻസിനെ മറികടന്നെത്തിയ ഇന്നോവ കാറിടിച്ചാണ് അപകടം ഉണ്ടായത്. ഇന്നോവ കാർ സ്കൂട്ടറിനു പിന്നാലെയെത്തിയ മറ്റൊരു കാറിലും ഇടിച്ചു.വരദരാജ് പൊയ്നാച്ചിയിലെ വി-കെയർ കമ്പ്യൂട്ടർ സെന്റർ ഉടമയും മെക്കാനിക്കുമാണ്. കാസർകോട്ടെ വാമൻസ് സ്റ്റുഡിയോ ഉടമ ഗോവിന്ദൻ ശങ്കരംകോടിന്റെ മകനാണ് വരദരാജ്. അമ്മ: പുഷ്പവല്ലി. ഭാര്യ: ആതിര. മകൻ: ദ്രുപത്. സഹോദരങ്ങൾ: വാമൻ കുമാർ (ഫോട്ടോഗ്രാഫർ), വരുൺരാജ് (ഗൾഫ്). അറിയപ്പെടുന്ന ഫോട്ടോഗ്രാഫറായ വരദരാജിന്റെ നിരവധി ചിത്രങ്ങൾ ശ്രദ്ധേയമായിട്ടുണ്ട്.

കോവിഡ് ലോക്ക്ഡൗൺ കാലത്ത് പൊലീസിനെ ഡ്രോൺ ക്യാമറയിൽ സഹായിക്കാൻ വരദരാജു മുന്നിലുണ്ടായിരുന്നു. ശങ്കരംകോട്ട് പുതുതായി പണിത വീടിന്റെ ഗൃഹപ്രവേശനത്തിനുള്ള ഒരുക്കങ്ങൾക്കിടയിലാണ് മരണം തട്ടിയെടുത്തത്.

### ടൗണിൽ ഇരുനില കെട്ടിടം അപകട നിലയിൽ



കാസർകോട്: കാസർകോട് റെയിൽവേ സ്റ്റേഷൻ റോഡിൽ ഇരുനില കെട്ടിടം അപകടനിലയിലായിരിക്കുന്നു. കെട്ടിടത്തിനടുത്തു കൂടി നടക്കാതിരിക്കാൻ അധികൃതർ ചുവപ്പുനാട വലിച്ചു കെട്ടി.കെട്ടിടത്തിന്റെ താഴത്തെ നിലയിലെ ഒരു മുറിയുടെ ഭിത്തിയാണ് വിണ്ട് അകന്നിട്ടുള്ളത്. ഇന്നലെ സന്ധ്യക്ക് അഞ്ചു സെന്റീമീറ്ററോളം കണ്ട വിടവ് ഇന്നു വർധിച്ചിട്ടുണ്ട്.

### കേരള കേന്ദ്ര സർവ്വകലാശാല വി.സി.ജി ഗോപകുമാർ വിരമിച്ചു



പെരിയ: ആറുവർഷത്തെ സേവനത്തിനു ശേഷം സ്ഥാനമൊഴിയുന്ന കേരള കേന്ദ്ര സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. ജി ഗോപകുമാറിന് സഹപ്രവർത്തകർ യാത്രയയപ്പ് നൽകി. 2014 ആഗസ്റ്റ് 7നാണ് അദ്ദേഹം വൈസ് ചാൻസിലറായി നിയമിതനായത്. കേന്ദ്ര കേരള സർവ്വകലാശാലയുടെ വളർച്ചയ്ക്ക് അദ്ദേഹത്തിന്റെ ശ്രമങ്ങൾ വിലമതിക്കാനാകാത്തതാണെന്ന് ഓൺലൈനിൽ നടന്ന യാത്രയയപ്പ് യോഗം അഭിപ്രായപ്പെട്ടു. പ്രൊ- വൈസ് ചാൻസിലർ ഡോ. കെ ജയപ്രസാദ് ആധ്യക്ഷം വഹിച്ചു. ഡോ. എ രാധാകൃഷ്ണൻ നായർ, ഡോ. ബി ആർ പ്രസന്നകുമാർ, ഡോ. മുരളീധരൻ നമ്പ്യാർ, ഡോ. ഇഫ്ത്തിഖർ മുഹമ്മദ് സംസാരിച്ചു. പുസ്തക പ്രകാശനവുമുണ്ടായിരുന്നു.

### മുഖ്യമന്ത്രിയുടെ സമീപനം കേരളത്തിന് അപമാനം: കെ പി കുഞ്ഞിക്കണ്ണൻ

കാസർകോട്: അഴിമതിക്കാരെ സംരക്ഷിക്കുന്ന മുഖ്യമന്ത്രിയുടെ സമീപനം കേരളത്തിന് അപമാനമാണെന്ന് മുൻ കെ പി സി സി ജനറൽ സെക്രട്ടറി കെ പി കുഞ്ഞിക്കണ്ണൻ അഭിപ്രായപ്പെട്ടു. സംസ്ഥാന സർക്കാരിന്റെ അഴിമതിക്കെതിരെ ഡി സി സി പ്രസിഡണ്ട് ഹക്കീം കുന്നിൽ നടത്തിയ സത്യാഗ്രഹത്തിന് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയായിരുന്നു അദ്ദേഹം.

ചടങ്ങിൽ പി കെ ഫൈസൽ ആധ്യക്ഷം വഹിച്ചു. രാജ്മോഹൻ ഉണ്ണിത്താൻ എം പി, കെ നീലകണ്ഠൻ, പി എ അഷ്റഫലി, ശാന്തമ്മഫിലിപ്പ്, വി ആർ വിദ്യാസാഗർ, ബാലകൃഷ്ണൻ, സി രാജൻ, രാജേഷ്, പി വി നിഷാന്ത്, എം രാജീവൻ നമ്പ്യാർ, എം പുരുഷോത്തമൻ നായർ, പി വി സുരേഷ്, സുന്ദര, കരുൺതാപ്പ, ഹരീഷ് പി നായർ, സി വി ജെയിംസ്, ജോമോൻ ജോസ് തുടങ്ങിയവർ സംബന്ധിച്ചു.



*ബായാർ ഗുംഭെയിൽ കുന്നിടിഞ്ഞു വീണു വീട്ടുമതിൽ തകർന്ന നിലയിൽ*

### മണ്ണിടിഞ്ഞു വീണ് ഗതാഗതം തടസ്സപ്പെട്ടു



*നാട്ടക്കല്ലിൽ റോഡിലേക്കു മണ്ണിടിഞ്ഞു വീണ നിലയിൽ*

പെർള: എൻമകജെ പഞ്ചായത്ത് 16-ാം വാർഡിൽപ്പെട്ട നാട്ടക്കല്ലിൽ മണ്ണിടിഞ്ഞു വീണു റോഡ് ഗതാഗതം തടസ്സപ്പെട്ടിട്ടു നാലു ദിവസം കഴിഞ്ഞു.നാട്ടക്കൽ, പെൽത്താജെ ഭാഗങ്ങളിലുള്ളവർക്കു പെർളയിലെത്താനുള്ള ഏക റോഡാണിത്. മണ്ണിടിഞ്ഞതിനെത്തുടർന്നു കാൽനട യാത്രയും തടസ്സപ്പെട്ടു.

ഇപ്പോൾ ഇവിടങ്ങളിൽ നിന്ന് കൊല്ലപ്പദവ് വഴി അഞ്ചു കിലോ മീറ്റർ നടന്നുവേണം പെർളയിലെത്താൻ. ഈ നാട്ടുവഴിയിൽ വാഹന ഗതാഗതം സാധ്യമല്ല. പഞ്ചായത്തധികൃതർ ഇന്നലെ മണ്ണിടിച്ചിൽ സ്ഥലം സന്ദർശിച്ചെങ്കിലും മടങ്ങുകയായിരുന്നു. അടുത്തടുത്തു വീടുള്ളതിനാൽ മണ്ണെടുത്ത് എങ്ങോട്ടു മാറ്റുമെന്നതിനെക്കുറിച്ച് ആലോചിക്കുകയാണെന്നു പറയുന്നു.

# കുമ്പളയിൽ വ്യാപാര സ്ഥാപനങ്ങൾ തുറക്കാൻ അനുവദിക്കണം



*അഞ്ചുമാസമായി നിശ്ചലമായ കുമ്പള ടൗണിൽ നിന്നുള്ള ദൃശ്യം*

മൊഗ്രാൽ: കോവിഡ് കാലത്തെ സമ്പൂർണ്ണ ലോക്ക് ഡൗൺ മുതൽ അടഞ്ഞുകിടക്കുന്ന കുമ്പളയിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങളും തുറന്നു പ്രവർത്തിക്കാൻ അവസരമൊരുക്കണമെന്ന് മൊഗ്രാൽ ദേശീയവേദി ആവശ്യപ്പെട്ടു.

കണ്ടയ്ൻമെന്റ് സോണുകൾ നിശ്ചയിക്കുന്ന രീതിയ്ക്ക് നിലവിൽ മാറ്റം വന്ന സാഹചര്യം കൂടി കണക്കിലെടുത്ത് ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കണം. മാസങ്ങളായി വ്യാപാര സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുന്നതിനാൽ സ്ഥാപന ഉടമകളും തൊഴിലാളികളും ദുരിതത്തിലാണ്.

പഞ്ചായത്തിലെ പ്രധാന വ്യാപാര കേന്ദ്രമാണ് കുമ്പള ടൗൺ. മുന്നൂറോളം വ്യാപാര സ്ഥാപനങ്ങളാണ് കുമ്പളയിൽ പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങളിൽ 500ലേറെ തൊഴിലാളികളുമുണ്ട്. സമ്പൂർണ്ണ ലോക്ക് ഡൗണിന് മുമ്പുതന്നെ കച്ചവടം ഇല്ലാതെ വ്യാപാരികൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായിരുന്നു.

കോവിഡ് കാലയളവിൽ ലഭിച്ച നേരിയ ഇളവുകളിൽ ചുരുക്കം ചില ദിവസങ്ങൾ ഒഴിച്ചാൽ 5 മാസക്കാലമായി കടകൾ അടഞ്ഞു കിടക്കുകയാണ്. പെരുന്നാൾ സീസണുകളിലെ കച്ചവടവും ഇല്ലാതായതോടെ വലിയ സാമ്പത്തിക പ്രതിസന്ധിയാണ് വ്യാപാരികൾ.കോവിഡ് മാനദണ്ഡവും, നിയന്ത്രണവും പാലിച്ചു കൊണ്ട് കടകൾ തുറന്നു പ്രവർത്തിക്കാൻ അനുമതി നൽകണമെന്നാണ് ദേശീയവേദി ആവശ്യം.



*കോവിഡിനെതിരെ കളക്ട്രേറ്റിൽ സർക്കാർ ജീവനക്കാർ പ്രതിജ്ഞയെടുക്കുന്നു. എ ഡി എം എൻ ദേവീദാസ് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു*

Vol -27, Issue No -138 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: 256225, Office: 256751, 255322, Circulation: 255725, Res:223237 P.B No: 26, E-Mail: karavaldaily@hotmail.com